# പ്രാണൻ വായുവിലലിയുമ്പോൾ

## പോൾ കലാനിധി



പ്രഗല്ഭനായ ന്യൂറോസർജൻ എന്ന നിലയിലേക്ക് വളർന്നുകൊണ്ടിരിക്കവേ അതീവഗുരുതരമായ ശ്വാസകോശാർബുദം ബാധിച്ച് രോഗശയ്യയിലായിട്ടും രോഗത്തെയും മരണത്തെയും വെല്ലുവിളിച്ച്, ജീവിതം തിരികെപ്പിടിക്കാൻ ശ്രമിച്ച ഒരു ചെറുപ്പക്കാരന്റെ ഹൃദയസ്പർശിയായ ജീവിതാനുഭവമാണ് ഈ പുസ്തകം. മരണത്തെ മുന്നിൽക്കണ്ടപ്പോഴും തികച്ചും ശാന്തചിത്തനായി സംയമനത്തോടെ, മനസ്സാന്നിദ്ധ്യത്തോടെ, അതിനെ നേരിടുകയും ഒരു ഘട്ടത്തിൽ അതിനെ മറികടന്നു ജീവിതത്തിൽ തിരികെവരികയും ഓപ്പറേഷൻ തിയേറ്ററിൽ വീണ്ടും സജീവമാകുകയും ചെയ്തു ഗ്രന്ഥകാരൻ. രോഗാവസ്ഥകൾ മനുഷ്യരിൽ സൃഷ്ടിക്കുന്ന അത്യന്തം സംഘർഷഭരിതമായ വൈകാരികാവസ്ഥകളെപ്പറ്റിയും ഡോക്ടർ-രോഗി ബന്ധത്തെപ്പറ്റിയും രോഗി തന്റെ രോഗാവസ്ഥയെ സ്വീകരിക്കേണ്ടുന്ന രീതിയെപ്പറ്റിയും ഒരേ സമയം ഡോക്ടറും രോഗിയുമായ പോൾ കലാനിധി രേഖപ്പെടുത്തുന്നു. ജീവന്റെയും മരണത്തിന്റെയും അർത്ഥതലങ്ങളെ തേടുന്ന, ജീവിതത്തെ അതിന്റെ കയ്പേറിയ അനുഭവങ്ങൾക്കും അനിശ്ചിതാവസ്ഥകൾക്കും മുമ്പിൽ പതറാതെ നയിക്കാൻ പര്യാപ്തമാക്കുന്ന ചിന്തകൾ പങ്കുവച്ചുകൊണ്ട്, ജീവിതത്തെ ജീവിക്കാൻതക്കവണ്ണം മൂല്യവത്താക്കുന്നതെന്തെന്നു മനസ്സിലാക്കിത്തരുന്ന ചില അനുഭവങ്ങളും ദർശനങ്ങളുമാണ് പോൾ കലാനിധി മുന്നോട്ടുവയ്ക്കുന്നത്. ഈ പുസ്തകത്തിന്റെ രചന പുരോഗമിക്കവേ അദ്ദേഹം മരണമടഞ്ഞുവെങ്കിലും നമുക്കേവർക്കും വഴികാട്ടിയായി നിൽക്കുന്നു അദ്ദേഹത്തിന്റെ വാക്കുകളും അനുഭവങ്ങളും.

വിവർത്തനം : **രാധാകൃഷ്ണൻ തൊടുപുഴ**

**രോഗബാധിതരായ സാമാന്യജനങ്ങൾക്കു രോഗാവസ്ഥയെ മനഃസ്ഥൈര്യത്തോടെ നേരിടാനുള്ള ആത്മവിശ്വാസം പകരുന്ന അസാധാരണമായ അനുഭവക്കുറിപ്പുകൾ. ലോകമെങ്ങും വായനയിൽ തരംഗങ്ങൾ സൃഷ്ടിച്ച കൃതി**

കവർ ഡിസൈൻ: **ബോണി ബാസ്റ്റ്യൻ,**


ഡി സി ബുക്സ്

www.dcbooks.com

ISBN 978-81-264-7508-7

9 788126 475087 00002

ഓർമ്മ/ സെൽഫ് ഹെൽപ്

E-book available

₹ 240


പോൾ കലാനിധി • പ്രാണൻ വായുവിലലിയുമ്പോൾ

DCB

DCB

# പോൾ കലാനിധി



പ്രാണൻ വായുവിലലിയുമ്പോൾ


920 PAU/P
CASMTVK
1305


**Paul Kalanithi**

# When Breath Becomes Air

College Of Avian Sciences & Management
LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1305 Call No. 1305

This book should be returned on or before the date last given below.

| | | |
|---|---|---|
| 25 OCT 2018<br>NT-22<br>25/08/25 | | |

920 PAU/P
CASMTVK
1305

## പോൾ കലാനിധി
(1977–2015)

ന്യൂറോസർജൻ, എഴുത്തുകാരൻ. 1977 ഏപ്രിൽ 1-ന് ന്യൂയോർക്കിലെ ഒരു ഇന്ത്യൻ–അമേരിക്കൻ കുടുംബത്തിൽ ജനിച്ചു. സ്റ്റാൻഫോഡ് സർവ്വകലാശാലയിൽനിന്നും ഇംഗ്ലിഷ് സാഹിത്യത്തിൽ ബി.എ.യും എം.എ.യും കരസ്ഥമാക്കി. തുടർന്ന് ഹ്യൂമൻ ബയോളജിയിലും ബിരുദം നേടി. ശാസ്ത്രത്തിന്റെ ചരിത്ര–ദാർശനികതയിൽ എം.ഫിൽ. ബിരുദവും നേടി. യേൽ സ്കൂൾ ഓഫ് മെഡിസിനിൽനിന്നും 2007-ൽ വൈദ്യശാസ്ത്രത്തിൽ ഗ്രാഡ്വേഷൻ എടുത്തു. യേൽ സ്കൂളിൽ അദ്ദേഹം വൈദ്യശാസ്ത്രരംഗത്തെ പ്രതിഭകൾക്കുള്ള ആൽഫ ഒമേഗ ആൽഫ സൊസൈറ്റിയിൽ അംഗമായിരുന്നു. ന്യൂറോളജിക്കൽ സർജറിയിൽ റസിഡൻസി പൂർത്തിയാക്കിയശേഷം ന്യൂറോളജിക്കൽ സയൻസിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ് നേടുകയും ചെയ്തു. ആ സമയത്ത് അമേരിക്കൻ അക്കാദമി ഓഫ് ന്യൂറോളജിക്കൽ സർജറി ഗവേഷണത്തിനായി ഏർപ്പെടുത്തിയ ഏറ്റവും വലിയ ബഹുമതിക്കും അർഹനായി. ഗുരുതരമായ ശ്വാസകോശാർബുദം ബാധിച്ചതിനെത്തുടർന്ന് 2015 മാർച്ചിൽ നിര്യാതനായി. യേൽ സ്കൂൾ ഓഫ് മെഡിസിനിൽ തന്റെ സഹപാഠിയായിരുന്ന ലൂസിയെയാണ് പോൾ വിവാഹം കഴിച്ചത്. ഇവർക്ക് എലിസബത്ത് അക്കാദിയ എന്ന മകളുമുണ്ട്.

## രാധാകൃഷ്ണൻ തൊടുപുഴ

സ്വദേശം തൊടുപുഴ. മൂവാറ്റുപുഴ നിർമ്മല കോളജിൽനിന്നും ബിരുദമെടുത്തു. എം.എ. ജോൺ നേതൃത്വം നൽകിയ കോൺഗ്രസ് പരിവർത്തനവാദികളുടെ ഇടുക്കി ജില്ലയിലെ സംഘാടകനായിരുന്നു. പിന്നീട് സംസ്ഥാന വൈദ്യുതിബോർഡിലെ ഐ.എൻ.ടി.യു.സി. സംഘടനയുടെ സ്ഥാപക നേതാക്കളിലൊരാളും. തുടർന്ന് സംസ്ഥാന സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു. ഡി.ഐ.സി.(ലെഫ്റ്റ്), കോൺഗ്രസ്(എസ്) സംസ്ഥാന ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. വിവക്ഷ, സംവേദനം, നിശ്ചയം എന്നീ പ്രസിദ്ധീകരണങ്ങളുടെ പ്രസാധകനും പത്രാധിപരുമായിരുന്നു. ഇപ്പോൾ നിശ്ചയം മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററാണ്. വിവിധ ദിനപത്രങ്ങളിലും ആനുകാലികങ്ങളിലുമായി 300-ൽ അധികം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു.

പോൾ കലാനിധി

# പ്രാണൻ വായുവിലലിയുമ്പോൾ

വിവർത്തനം

രാധാകൃഷ്ണൻ തൊടുപുഴ

ഡി സി ബുക്സ്

MALAYALAM LANGUAGE

ENGLISH TITLE
When Breath Becomes Air

SELF HELP/MEMOIR
*by* Paul Kalanithi

MALAYALAM TITLE
Prānan Vayuvilaliyumbol

Translated *by* Radhakrishnan Thodupuzha

Rights Reserved
Copyright©2016 by Corcovado. Inc.
Malayalam Translation Copyright © DC Books
First Published January 2017
This edition - June 2017

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Paul Kalanithi
Pranan vayuvilaliyumbol/Paul Kalanithi;
Malayalam translation/Radhakrishnan Thodupuzha.
256 p., 21 cm.
ISBN 978-81-264-7508-7.
Malayalam translation of 'When breath becomes air.'
1. Memoir. 2. Malayalam translation.
I. Title. II. Title-English. III. Radhakrishnan Thodupuzha.
920-dc22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-7508-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

301/17-18-Sl.No. 16720-dcb 6598- (2) 3000-4527-06-17-Itc. 17.0-p en-r(t)sr-d(t) ra

ഈ പുസ്തകം പറയുന്നത് പോൾ കലാനിധിയുടെ ജീവിതകഥയാണ്. അദ്ദേഹത്തിന്റെ സ്വന്തം ജീവിതത്തിൽനിന്നും അദ്ദേഹം അടർത്തിയെടുത്ത ഏടുകളാണിതിലുള്ളത്. എന്നാൽ ഇതിൽ പരാമർശിക്കപ്പെടുന്ന രോഗികളുടെ പേരും മറ്റു വിവരങ്ങളും അവരെ തിരിച്ചറിയാൻ കഴിയാത്തവിധം മാറ്റിയിട്ടുണ്ട്.

പോളിന്റെ സുഹൃത്തുക്കൾ, സഹപ്രവർത്തകർ, അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർമാർ എന്നിവരിൽ ഒരാളൊഴികെ മറ്റുള്ളവരുടെ എല്ലാം പേരു മാറ്റിയിട്ടുണ്ട്. എങ്കിലും ഇപ്പോൾ ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആയ ഏതെങ്കിലും വ്യക്തിയോട് ഇതിൽ പരാമർശിക്കുന്ന ഏതെങ്കിലും വ്യക്തിക്ക് സാദൃശ്യം തോന്നുന്നുവെങ്കിൽ അതു തികച്ചും യാദൃച്ഛികം മാത്രം.

മരണത്തിലെ ജീവിതമെന്തെന്നായിരുന്നു
നിന്റെ അന്വേഷണം.
എന്നാൽ ഇപ്പോൾ നീയറിഞ്ഞോളൂ
ഒരിക്കൽ പ്രാണനായിരുന്ന വായുവായിരുന്നു അത്.
പുതിയപേരുകൾ അജ്ഞാതം
പഴയതോ മൺമറഞ്ഞതും
കാലമെത്തുംവരെയാണ് ശരീരം
ആത്മാവെന്നതോ, മിഥ്യയും
വായനക്കാരാ നീ, നീയായിരിക്കവേ,
നിന്റെ സമയം സൃഷ്ടിക്കുക
നിന്റെ അമരത്വം ആ വഴിയിലാണ്.

—ബാരോൺ ബ്രൂക്ക് ഫുൽക്കെ ഗ്രിവില്ലി, 'സെലിക 83'

## ഉള്ളടക്കം

ആമുഖം ........ 13

നാന്ദി ........ 25

ഭാഗം –1

പൂർണ്ണാരോഗ്യത്തോടെ

ഞാൻ തുടങ്ങട്ടെ ........ 41

ഭാഗം – 2

മരണംവരെയും

നിലയ്ക്കാതിരിക്കട്ടെ ........ 141

ഉപസംഹാരം ........ 227

കൃതജ്ഞത ........ 253

## ആമുഖം

ഏബ്രഹാം വർഗീസ്

എനിക്കു തോന്നുന്നു, ഈ ആമുഖക്കുറിപ്പുകൾ—ശരിയായി ചിന്തിച്ചാൽ, ആ വിശേഷണത്തിനുമപ്പുറം, അവസാന വാക്കുകൾ എന്നുപറയുന്നതാവില്ലേ കൂടുതൽ ശരി? കാരണം, പോൾ കലാനിധിയെപ്പറ്റി പറയുമ്പോൾ അത് അങ്ങനെയാണു സംഭവിച്ചത്. ആദ്യമേ പറയട്ടെ, അല്ലെങ്കിൽ അവസാനമായി പറയട്ടെ, പോളിനെ എനിക്കറിയാൻ കഴിഞ്ഞത് അദ്ദേഹം ജീവിതത്തോട് വിട പറഞ്ഞശേഷം മാത്രമാണ് (എന്നോടു ക്ഷമിക്കുക), അദ്ദേഹം മരിക്കും എന്നുറപ്പായ ഒരു ഘട്ടത്തിൽ മാത്രമാണ് ഏറ്റവും ആത്മാർത്ഥവും ഹൃദ്യവുമായി ആ വ്യക്തിത്വം എന്നിൽ പതിയുന്നത്.

2014 ഫെബ്രുവരി ആദ്യം സ്റ്റാൻഫോർഡിൽവച്ച്, അവിസ്മരണീയമായ ഒരു സായന്തനത്തിൽ ഞാൻ അദ്ദേഹത്തെ കണ്ടു. 'ഇനിയും എത്രനാൾ എനിക്കു ശേഷിച്ചിട്ടുണ്ട്' (How Long Have I Got Left) എന്ന ലേഖനം *ന്യൂയോർക്ക് ടൈംസിൽ* അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടേ ഉണ്ടായിരുന്നുള്ളൂ, അപ്പോൾ. വായനക്കാരിൽനിന്നും ഒഴുകിയെത്തിയത് അത്ഭുതാവഹമായ പ്രതികരണങ്ങളായിരുന്നു. പിന്നീടുള്ള നാളുകളിൽ അത് സീമാതീതമായ തലങ്ങളിലേക്കു വളർന്നു. (പകർച്ചവ്യാധികൾക്കു ചികിത്സ നടത്തുന്ന ഒരു സ്പെഷ്യലിസ്റ്റാണു ഞാൻ. അതുകൊണ്ട് *വൈറൽ* (viral) എന്ന വാക്ക് ഒരു രൂപകം എന്ന നിലയിൽ ഇവിടെ ഉപയോഗിക്കുന്നില്ല) അതിനുശേഷം അദ്ദേഹം എന്നെ ബന്ധപ്പെട്ടു. കാണുകയും സല്ലപിക്കുകയും ചെയ്യുക എന്നതിനോടൊപ്പം, ലിറ്റററി ഏജന്റുമാർ, എഡിറ്റേഴ്സ്, പ്രസിദ്ധീകരണപ്രക്രിയ തുടങ്ങിയവയെപ്പറ്റിയൊക്കെ അദ്ദേഹത്തിന് അറിയണം എന്നുണ്ടാ